LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിവരസാങ്കേതിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

210(2412) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രയോജനകരമാകുന്ന ഏതെല്ലാം പദ്ധതികൾ വിവരസാങ്കേതിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് വേണ്ടി ഏതെല്ലാം തരത്തിലുള്ള പരിശീലന പരിപാടികൾ വിവരസാങ്കേതിക വകുപ്പ് നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവര സാങ്കേതിക വകുപ്പിന്റെ പദ്ധതിയായ അക്ഷയ പദ്ധതിയിൽ സംരംഭകരെ തിരഞ്ഞെടുക്കുന്നതിനായി പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നുള്ള അപേക്ഷകർക്ക് 20% അധികം മാർക്കും കൂടാതെ ആപ്ളിക്കേഷൻ സ്ക്രീനിംഗ്, ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയ്ക്ക് ആകെ ലഭിച്ച മാർക്കിന്റെ 10% അധികവും നൽകി വരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെയുള്ള എല്ലാ അക്ഷയ സംരംഭകർക്കും പരിശീലനം നൽകി വരുന്നുണ്ട്.

എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ്

211(*T2413) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും വകുപ്പുകളിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകളിലും സ്ഥാപനങ്ങളിലുമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് കമ്പനി വഴിയാണ് പദ്ധതി നടപ്പാക്കിയതെന്നും അതിനായി ഓരോ വകുപ്പിലും സ്ഥാപനത്തിലും എത്ര രൂപ ചെലവായെന്നും വ്യക്തമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വ്യവസായ വകുപ്പിനു കീഴിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡിലും മലബാർ സിമന്റ്സ് ലിമിറ്റഡിലും എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിങ് (ഇ. ആർ.പി.) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സി.എം.സി. ലിമിറ്റഡ് എന്ന കമ്പനിയെയാണ് ഇത് നടപ്പിലാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ഇതിലേക്കായി 1,36,54,434 രൂപ ചെലവഴിച്ചിട്ടുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിനെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

തിരുവനന്തപുരം നഗരസഭയിലെ അക്ഷയ സെന്ററുകളുടെ പ്രവർത്തനം

212(*T2414) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവനന്തപുരം നഗരസഭയുടെ കീഴിൽ എത്ര അക്ഷയ സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും പുതുതായി എത്ര സെന്ററുകൾക്ക് അനുവാദം നൽകുവാൻ സർക്കാരും നഗരസഭയും ഉദ്ദേശിക്കുന്നുണ്ടെന്നും അറിയിക്കുമോ;

(ബി) 2015-16 സാമ്പത്തിക വർഷം നഗരസഭ എത്ര സെന്ററുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്; അനുവാദം നൽകിയിട്ടുള്ളതിൽ എത്രയെണ്ണം എസ്.സി./ എസ്.ടി. വിഭാഗക്കാർക്ക് നൽകിയിട്ടുണ്ട്;

(സി) അക്ഷയ സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(ഡി) അക്ഷയ സെന്റർ പോങ്ങുംമൂട് അനുവദിക്കുന്നതിനുള്ള സാധ്യതാ ലിസ്റ്റിൽ എസ്.സി./എസ്.ടി. വിഭാഗത്തിന് അനുവാദം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) എസ്.സി./എസ്.ടി. വിഭാഗത്തിന് പ്രത്യേക ഇളവ് നൽകുവാൻ നഗരസഭയും സർക്കാരും തയ്യാറാകുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭയുടെ കീഴിൽ 35 അക്ഷയ സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 8 സ്ഥലങ്ങളിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷം നഗരസഭയിൽ പുതിയ 8 അക്ഷയകേന്ദ്രങ്ങൾ തുടങ്ങാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഒരു അക്ഷയ കേന്ദ്രം എസ്.സി. വിഭാഗത്തിന് ലഭിച്ചിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു